പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *609 — 31.10.2016 ൽ മറുപടിക്ക്

## എയർപോർട്ട് പരിസരങ്ങളിൽ പക്ഷി ശല്യമൊഴിവാക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>,, കെ.എം.ഷാജി<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.ഉബൈദുള്ള | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന വ്യോമയാന പരിധിയിൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻ കരുതലുകൾ സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) എയർപോർട്ടുകളുടെ രണ്ട് കിലോമീറ്റർ ചുറ്റളവിൽ ലാന്റേൺ കൈറ്റുകൾ നിരോധിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. എയർപോർട്ടിന് സമീപം കുന്നുകൂടുന്ന മാലിന്യങ്ങളാണ് പക്ഷികൾ ഇടിച്ചുള്ള അപകടങ്ങൾക്ക് കാരണമാകുന്നത്. ഇത്തരം മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്, ഇതിനായി സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. മാലിന്യം വലിച്ചെറിയുന്ന പ്രവണത ഒഴിവാക്കുന്നതിനായി പോലീസിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) എയർപോർട്ട് പരിസരങ്ങളിൽ പക്ഷിയിടിച്ചുള്ള അപകട സാദ്ധ്യത കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പക്ഷി ശല്യമൊഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) ഉണ്ട്.<br>തിരുവനന്തപുരം വിമാനത്താവളം സംബന്ധിച്ച വിഷയം ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറി ഒരു മീറ്റിംഗ് വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>• മാലിന്യം ദിനംപ്രതി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.<br>• നിലവിലെ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യാവശിഷ്ടങ്ങൾ തിരുവനന്തപുരം നഗരസഭയും എയർപോർട്ട് അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.<br>• എയർപോർട്ടിന് ചുറ്റും മാലിന്യം ഉണ്ടാകാതിരിക്കുന്നതിനുള്ള ശാശ്വതപരിഹാര പദ്ധതികൾക്ക് നഗരസഭയും എയർപോർട്ട് അതോറിറ്റിയും ചേർന്ന് പ്രോജക്ട് തയ്യാറാക്കുവാൻ തീരുമാനിച്ചു<br>• മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. തുടർന്നും മാലിന്യം വലിച്ചെറിയുകയാണെങ്കിൽ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ |

സ്വീകരിച്ച് വരുന്നു.

- രാത്രികാലങ്ങളിൽ തിരുവനന്തപുരം എയർപോർട്ടിന്റെ ചുറ്റുമുള്ള റോഡുകളിൽ നഗരസഭാ നൈറ്റ് സ്ക്വാഡ് പ്രവർത്തിക്കുന്നതോടൊപ്പം പോലീസിന്റെ നിരീക്ഷണം ശക്തമാക്കാൻ പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങളിൽ അതാത് ജില്ല കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പക്ഷി ശല്യം ഒഴിവാക്കാനുള്ള നടപടികൾ എടുക്കാറുണ്ട്.

സെക്ഷൻ ഓഫീസർ